# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1728** 05-02-2019-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## നടുവിൽ ഗവൺമെന്റ് പോളിടെക്നിക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. സി. ജോസഫ് | : | **ഡോ. കെ. ടി. ജലീൽ** (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനം 2019-20 അദ്ധ്യയന വർഷം മുതൽ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (എ) & (ബി) | നടുവിൽ ടെക്ക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി നിർദ്ദിഷ്ട നടുവിൽ പോളിടെക്നിക് കോളേജിന് കൈമാറുന്നതിനുള്ള നടപടികൾക്കായി കണ്ണൂർ ജില്ലാ കളക്ടർ 15.07.2018 ലെ 66544/15 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇതുവരെ ഭൂമി കൈമാറ്റം സാധ്യമായിട്ടില്ല.<br><br>വിവിധ ലാബുകളിലേയ്ക്കും വർക്ക്ഷോപ്പുകളിലേയ്ക്കും ആവശ്യമായ മെഷിനറികൾ വാങ്ങാൻ വേണ്ടി 25,48,420/- രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയുമാണ്. 25 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നുവെങ്കിലും സ്പാർക്ക്, ബിംസ് എന്നിവയിൽ ചേർക്കാത്തതുകൊണ്ട് ഇ-ടെണ്ടർ നടത്തുവാൻ സാധിച്ചിട്ടില്ല. 35,14,800/- രൂപയുള്ള ഫർണിച്ചറുകൾ വാങ്ങി |
| (ബി) | ഇതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തിയാകാനുള്ളതെന്ന് വെളിപ്പെടുത്തുമോ? | | |

| | | |
|---|---|---|
| | | നടുവിൽ ടെക്ക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ ഉത്തരവാദിത്വത്തിൽ പോളിടെക്ക്നിക് കോളേജിൽ സൂക്ഷിച്ചിട്ടുണ്ട്. ഡി.ഡി.ഒ കോഡും ട്രഷറി ബിൽ ബുക്കും ലഭിച്ചിട്ടുണ്ട്. SPARK, BIMS എന്നിവയിൽ ചേർക്കപ്പെടുന്ന മുറക്ക് സാമ്പത്തിക ഇടപാടുകൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. 2019-20 വർഷത്തെ AICTE അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 12.02.2019 നുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. AICTE വിദഗ്ധരുടെ സന്ദർശനത്തിന് ശേഷം അനുകൂലമായ അറിയിപ്പ് ലഭിച്ചാൽ മാത്രമേ 2019-20 അധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിക്കുവാനുള്ള അന്തിമ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ